**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3147** **01-03-2023 - ൽ മറുപടിയ്ക്ക്**

**അണ്ടർപാസ് നിർമ്മാണത്തിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കൊല്ലം-മേപ്പയ്യൂർ റോഡിൽ നിർദ്ദിഷ്ട നാഷണൽ ഹൈവേക്ക് കുറുകെ നിർമ്മിച്ച അണ്ടർപാസ് നിർമ്മാണത്തിൽ എന്തെങ്കിലും അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കൊല്ലം മേപ്പയൂർ റോഡിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ മേൽ നോട്ടത്തിലാണ് അണ്ടർപാസ്സ് നിർമ്മിച്ചിട്ടുള്ളത്. |
| (ബി) | നിലവിലുള്ള കൊല്ലം-മേപ്പയ്യൂർ റോഡിനെ ഒട്ടും പരിഗണിക്കാതെയാണ് അണ്ടർപാസ് നിർമ്മിച്ചത് എന്ന വസ്തുത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരെ ധരിപ്പിച്ചിട്ടുണ്ടോ; | (ബി) | നാഷണൽ ഹൈവേ അധികൃതരുമായി 19/10/2022, 15/11/2022, തീയ്യതികളിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. NHAI അലൈൻമെന്റിലുള്ള സർവീസ് റോഡുവഴി വാഹനങ്ങൾ തിരിഞ്ഞു പോകേണ്ടതാണ് എന്നാണ് NHAI വ്യക്തമാക്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത അപാകത പരിഹരിക്കുന്നതിന് എന്തു മാർഗ്ഗമാണ് വകുപ്പ് കണ്ടെത്തിയത് എന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത ഭാഗത്ത് വളവ് ആയതിനാൽ 7 മീറ്റർ ഉള്ള സർവീസ് റോഡിനു പുറമേ അഡിഷണൽ ലാൻഡ് കൂടി അക്വയർ ചെയ്ത് വീതി കൂട്ടി വാഹനങ്ങൾ സുഗമമായി തിരിഞ്ഞു പോകുന്ന രീതിയിൽ ആണ് അലൈൻമെന്റ് പുനഃ ക്രമീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ